**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1456** **07-02-2023 - ൽ മറുപടിയ്ക്ക്**

**മിനിമം വേതനം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടും സർക്കാർ മിനിമം വേതനം നിശ്ചയിക്കാത്ത തൊഴിൽ മേഖലകൾ ഏതൊക്കെയാണെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ 87 തൊഴിൽ മേഖലകൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 84 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും മിനിമം വേതനം നിശ്ചയിക്കാത്ത തൊഴിൽ മേഖലകൾ ചുവടെ ചേർക്കുന്നു.<br><br>- എംപ്ലോയ്മെന്റ് ഇൻ എയർപോർട്ട്<br><br>- എംപ്ലോയ്മെന്റ് ഇൻ ചെറുകിട തോട്ടം<br><br>- എംപ്ലോയ്മെന്റ് ഇൻ സ്വകാര്യ ആയുർവേദം, ഹോമിയോ ആന്റ് ദന്തൽ ഹോസ്പിറ്റൽ, സ്വകാര്യ ഇന്ത്യൻ ട്രഡീഷണൽ സിസ്റ്റം ഓഫ് മെഡിസിൻ, സിദ്ധ, യൂനാനി ആന്റ് മർമ്മ ഹോസ്പിറ്റൽസ്, സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്കാനിംഗ് സെന്ററുകൾ, എക്സറേ യൂണിറ്റുകൾ, ലബോറട്ടറികൾ, ഫാർമസികൾ, ബ്ലഡ് ബാങ്കുകൾ, കാത്ത് ലാബുകൾ.<br><br>ഇവയിൽ “സ്വകാര്യ ആയുർവേദം, ഹോമിയോ ആന്റ് ദന്തൽ ഹോസ്പിറ്റൽ, സ്വകാര്യ ഇന്ത്യൻ ട്രഡീഷണൽ സിസ്റ്റം ഓഫ് മെഡിസിൻ, സിദ്ധ, യൂനാനി ആന്റ് മർമ്മ ഹോസ്പിറ്റൽസ്, സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്കാനിംഗ് സെന്ററുകൾ, എക്സറേ യൂണിറ്റുകൾ, ലബോറട്ടറികൾ, ഫാർമസികൾ, ബ്ലഡ് ബാങ്കുകൾ, കാത്ത് ലാബുകൾ” എന്ന തൊഴിൽ മേഖലയിൽ മിനിമം വേതനം നിശ്ചയിക്കാനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്മേൽ ലഭിച്ചിട്ടുള്ള ആക്ഷേപങ്ങളും |

| | | | |
|---|---|---|---|
| | | | അഭിപ്രായങ്ങളും പരിഗണിച്ചശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മിനിമം വേതന ഉപദേശക സമിതിയുടെ കീഴിൽ രൂപീകരിച്ച ഉപസമിതികളെയാണ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള മേഖലകളുടെ മിനിമം വേതനം നിശ്ചയിക്കുന്നതിനായി സർക്കാർ ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ, നിലവിലുള്ള മിനിമം വേതന ഉപദേശക സമിതിയുടെ കാലാവധി 21/01/2023-ന് അവസാനിച്ചതിനെ തുടർന്ന് പുതിയ സമിതി രൂപീകരണം അന്തിമഘട്ടത്തിലാണ്. പുതിയ ഉപസമിതികൾ രൂപീകരിച്ച് മിനിമം വേതനം നിശ്ചയിക്കാത്ത മേഖലകളുടെ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുനരാരംഭിക്കുന്നതാണ്. |
| (ബി) | മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടതും മിനിമം വേതനം നിശ്ചയിച്ചതുമായ തൊഴിൽ മേഖലകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; ഓരോ മേഖലയിലെയും മിനിമം വേതനം വ്യക്തമാക്കുമോ; | (ബി) | മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ 87 തൊഴിൽ മേഖലകൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 84 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി തൊഴിൽ മേഖലകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ടി തൊഴിൽ മേഖലകളിൽ ഓരോ മേഖലക്കും വേണ്ടി പൊതുവായി ഒരു മിനിമം വേതനമല്ല വിജ്ഞാപനം ചെയ്തിട്ടുള്ളത്. മേഖലകളിലെ ഓരോ വിഭാഗത്തിനും തൊഴിലിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത നിരക്കിലാണ് മിനിമം വേതനം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അടിസ്ഥാന വേതനത്തോടൊപ്പം വേരിയബിൾ ഡി.എ കൂടി ചേർന്നതാണ് മിനിമം വേതനം. സംസ്ഥാനത്തു ഓരോ ജില്ലകളിലും വേരിയബിൾ ഡി.എ നിരക്കുകൾ ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ വ്യത്യസ്തമാണ്. ടി തൊഴിൽ മേഖലകളുടെ മിനിമം വേതന വിജ്ഞാപനങ്ങൾ ലേബർ കമ്മീഷണറുടെ www.lc.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | മിനിമം വേതനം നൽകുന്നുവെന്ന് ഉറപ്പാക്കാനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥരാണ് 1948-ലെ മിനിമം വേതന നിയമം പ്രകാരമുള്ള ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നത്. പരാതിക്കാരുടെ പരാതി ലഭ്യമാകുന്ന മുറയ്ക്കും, കേന്ദ്രീകൃത പരിശോധന സംവിധാനം (CIS) മുഖേന നടത്തുന്ന സ്ഥാപന പരിശോധന വഴിയും മിനിമം വേതനം സംബന്ധിച്ച് നടപടികൾ കൈക്കൊള്ളാറുണ്ട്. കൂടാതെ, തൊഴിൽ വകുപ്പിന്റെ വേതന സുരക്ഷാ പദ്ധതി (WPS) മുഖേനയും |

| | | | |
|---|---|---|---|
| | | | തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടതും മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതുമായ തൊഴിൽ മേഖലകൾ

1. എംപ്ലോയ്മെന്റ് ഇൻ അഗ്രികൾച്ചറൽ ഓപ്പറേഷൻസ്
2. എംപ്ലോയ്മെന്റ് ഇൻ അലൂമിനിയം & ടിൻ പ്രോഡക്ട്സ്
3. എംപ്ലോയ്മെന്റ് ഇൻ ആയുർവ്വേദിക്ക് & അലോപതിക്ക് മെഡിസിൻസ്
4. എംപ്ലോയ്മെന്റ് ഇൻ ബീഡി & സിഗാർ ഇൻഡസ്ട്രി
5. എംപ്ലോയ്മെന്റ് ഇൻ ബ്ലോക്ക് റബ്ബർ ഫാക്ടറീസ്
6. എംപ്ലോയ്മെന്റ് ഇൻ ബ്രിക്ക്സ് മാന്യുഫാക്ക്ച്ചറിംഗ്
7. എംപ്ലോയ്മെന്റ് ഇൻ വയർകട്ട് ബ്രിക്സ്
8. എംപ്ലോയ്മെന്റ് ഇൻ കെയിൻ & ബാംബൂ ഇൻഡസ്ട്രി
9. എംപ്ലോയ്മെന്റ് ഇൻ ക്യാഷ്യൂ ഇൻഡസ്ട്രി
10. എംപ്ലോയ്മെന്റ് ഇൻ ചാർട്ടേഡ് അക്കൗണ്ടന്റ് ഓഫീസസ്
11. എംപ്ലോയ്മെന്റ് ഇൻ സിനിമാ തീയേറ്റർ
12. എംപ്ലോയ്മെന്റ് ഇൻ കയർ ഇൻഡസ്ട്രി
13. എംപ്ലോയ്മെന്റ് ഇൻ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ ഇൻഡസ്ട്രി
14. എംപ്ലോയ്മെന്റ് ഇൻ കൺസ്ട്രക്ഷൻ & മെയിന്റനൻസ് ഓഫ് ഡാംസ്
15. എംപ്ലോയ്മെന്റ് ഇൻ ഡയമണ്ട് കട്ടിംഗ് & പോളിഷിംഗ്
16. എംപ്ലോയ്മെന്റ് ഇൻ ഡോമസ്റ്റിക്ക് വർക്ക്സ്
17. എംപ്ലോയ്മെന്റ് ഇൻ ഡ്രയിംഗ് ഓഫ് കോക്കനട്ട് മേക്കിംഗ് ഫോർ കൊപ്രാ
18. എംപ്ലോയ്മെന്റ് ഇൻ ഇലക്ട്രിക്ക് എക്വിപ്പ്മെന്റ്സ്, ഹോം അപ്ലൈൻസസ് ആന്റ് ഓപ്പറേഷൻ ഓഫ് സോഫ്റ്റ്വെയർ
19. എംപ്ലോയ്മെന്റ് ഇൻ ഇലക്ട്രോണിക്ക് ഇൻഡസ്ട്രീസ്
20. എംപ്ലോയ്മെന്റ് ഇൻ ഫിഷ് പീലിംഗ്, ഫിഷ് ക്യാനിംഗ് & ഫ്രീസിംഗ്
21. എംപ്ലോയ്മെന്റ് ഇൻ ഫുഡ് പ്രോസസിംഗ്
22. എംപ്ലോയ്മെന്റ് ഇൻ ഫോറസ്റ്റ്സ്
23. എംപ്ലോയ്മെന്റ് ഇൻ ഫർണിച്ചർ ഇൻഡസ്ട്രി
24. എംപ്ലോയ്മെന്റ് ഇൻ ഗാർമെന്റ് മേക്കിംഗ്
25. എംപ്ലോയ്മെന്റ് ഇൻ ഗോൾഡ് & സിൽവർ ഓർണമെന്റ്സ്
26. എംപ്ലോയ്മെന്റ് ഇൻ ഹാന്റിക്രാഫ്റ്റ്സ്

27. എംപ്ലോയ്മെന്റ് ഇൻ ഹാന്റിലിംഗ് & കെയർ ഓഫ് എലിഫെന്റ്സ്

28. എംപ്ലോയ്മെന്റ് ഇൻ ഹാന്റ്ലൂം

29. എംപ്ലോയ്മെന്റ് ഇൻ ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി

30. എംപ്ലോയ്മെന്റ് ഇൻ ഹോസിയറി മാന്യുഫാക്ക്ച്ചറിംഗ്

31. എംപ്ലോയ്മെന്റ് ഇൻ ഹോസ്റ്റൽസ്

32. എംപ്ലോയ്മെന്റ് ഇൻ ഐസ് ഫാക്ടറീസ്

33. എംപ്ലോയ്മെന്റ് ഇൻ ഖാദി ഇൻഡസ്ട്രി

34. എംപ്ലോയ്മെന്റ് ഇൻ എൽ.പി.ജി.

35. എംപ്ലോയ്മെന്റ് ഇൻ ലൈറ്റ് മോട്ടോർ വെഹിക്കിൾസ്

36. എംപ്ലോയ്മെന്റ് ഇൻ ലിക്വർ ട്രേഡിംഗ് & വെന്റിംഗ്

37. എംപ്ലോയ്മെന്റ് ഇൻ മാർബിൾ & ഗ്രാനൈറ്റ്

38. എംപ്ലോയ്മെന്റ് ഇൻ മാച്ച് ഇൻഡസ്ട്രി

39. എംപ്ലോയ്മെന്റ് ഇൻ മെക്കനൈസ്ഡ് ഫിഷ് ക്യാച്ചിംഗ്

40. എംപ്ലോയ്മെന്റ് ഇൻ മൈനർ എഞ്ചിനീയറിംഗ്

41. എംപ്ലോയ്മെന്റ് ഇൻ മൈനർ പോർട്ട്സ്

42. എംപ്ലോയ്മെന്റ് ഇൻ ഓയിൽ മിൽ

43. എംപ്ലോയ്മെന്റ് ഇൻ ഓയിൽ പാം

44. എംപ്ലോയ്മെന്റ് ഇൻ പെട്രോൾ പമ്പ്

45. എംപ്ലോയ്മെന്റ് ഇൻ ഫാർമസിസ്റ്റ്സ് ഇൻ മെഡിക്കൽ ഷോപ്പ്സ്

46. എംപ്ലോയ്മെന്റ് ഇൻ പ്ലാന്റേഷൻസ്

47. എംപ്ലോയ്മെന്റ് ഇൻ പ്ലാസ്റ്റിക്ക് ഇൻഡസ്ട്രി

48. എംപ്ലോയ്മെന്റ് ഇൻ പവ്വർ ലൂംസ്

49. എംപ്ലോയ്മെന്റ് ഇൻ പ്രിന്റിംഗ് പ്രസ്സ്

50. എംപ്ലോയ്മെന്റ് ഇൻ പ്രൈവറ്റ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് (നോൺ-ടീച്ചിംഗ്)

51. എംപ്ലോയ്മെന്റ് ഇൻ പ്രൈവറ്റ് ഹോസ്പിറ്റൽസ്

52. എംപ്ലോയ്മെന്റ് ഇൻ പ്രൈവറ്റ് ടെമ്പിൾസ്

53. എംപ്ലോയ്മെന്റ് ഇൻ റൈസ് മിൽ, ഫ്ളോർ മിൽ & ദാൽ മിൽ

54. എംപ്ലോയ്മെന്റ് ഇൻ റിവർ സാന്റ് കളക്ഷൻ

55. എംപ്ലോയ്മെന്റ് ഇൻ റബ്ബർ ക്രീപ്പ് മിൽസ്

56. എംപ്ലോയ്മെന്റ് ഇൻ റബ്ബർ പ്രോഡക്ട്സ് ഇൻഡസ്ട്രി

57. എംപ്ലോയ്മെന്റ് ഇൻ സെയിൽസ് പ്രമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽസ്

58. എംപ്ലോയ്മെന്റ് ഇൻ സ്ക്രീൻ പ്രിന്റിംഗ്

59. എംപ്ലോയ്മെന്റ് ഇൻ സെക്യൂരിറ്റി സർവ്വീസ്

60. എംപ്ലോയ്മെന്റ് ഇൻ ഷോപ്പ്സ്, ഹോട്ടൽസ്, റെസ്റ്റോറൻസ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്

61. എംപ്ലോയ്മെന്റ് ഇൻ സോപ്പ് മാന്യുഫാക്ക്ച്ചറിംഗ്

62. എംപ്ലോയ്മെന്റ് ഇൻ സ്റ്റോൺ ബ്രേക്കിംഗ്, ക്രഷിംഗ്

63. എംപ്ലോയ്മെന്റ് ഇൻ കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് & ബിൽഡിംഗ് ഓപ്പറേഷൻസ്

64. എംപ്ലോയ്മെന്റ് ഇൻ സ്വീപ്പിംഗ് & ക്ലീനിംഗ്

65. എംപ്ലോയ്മെന്റ് ഇൻ ടാനറീസ് & ലെതർ മാന്യുഫാക്ക്ച്ചറിംഗ്

66. എംപ്ലോയ്മെന്റ് ഇൻ ടെലിഫിലിം & മോഷൻ പിക്ച്ചർ

67. എംപ്ലോയ്മെന്റ് ഇൻ ടൈൽ ഇൻഡസ്ട്രി

68. എംപ്ലോയ്മെന്റ് ഇൻ ടിംമ്പർ ഇൻഡസ്ട്രി

69. എംപ്ലോയ്മെന്റ് ഇൻ പ്ലൈവുഡ് ഇൻഡസ്ട്രി

70. എംപ്ലോയ്മെന്റ് ഇൻ ടിംമ്പർ കട്ടിംഗ്, ഫെല്ലിംഗ് & ട്രാൻസ്പോർട്ടേഷൻ ഓഫ് ലോഗ്സ്

71. എംപ്ലോയ്മെന്റ് ഇൻ ടോഡി ടാപ്പിംഗ്

72. എംപ്ലോയ്മെന്റ് ഇൻ ട്രീ ക്ലൈമ്പിംഗ്

73. എംപ്ലോയ്മെന്റ് ഇൻ അമ്പ്രല്ല മാന്യുഫാക്ക്ച്ചറിംഗ്

74. എംപ്ലോയ്മെന്റ് ഇൻ വാട്ടർബോട്ട് ട്രാൻസ്പോർട്ട് അദർ ദാൻ മോട്ടോർ ബോട്ട് ട്രാൻസ്പോർട്ട്

75. എംപ്ലോയ്മെന്റ് ഇൻ സ്റ്റാർ ഹോട്ടൽസ്

76. എംപ്ലോയ്മെന്റ് ഇൻ ബ്രൂവറീസ്

77. എംപ്ലോയ്മെന്റ് ഇൻ മിഡ് ഡേ മീൽ സ്കീം ഇൻ സ്കൂൾസ്

78. എംപ്ലോയ്മെന്റ് ഇൻ ഫോട്ടോഗ്രാഫി - വീഡിയോ ഗ്രാഫി

79. എംപ്ലോയ്മെന്റ് ഇൻ പേപ്പർ പ്രോഡക്ഷൻ ഇൻഡസ്ട്രി

80. എംപ്ലോയ്മെന്റ് ഇൻ ഫുട്ട്വെയർ മാന്യുഫാക്ക്ച്ചറിംഗ്

81. എംപ്ലോയ്മെന്റ് ഇൻ പ്രൈവറ്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ്

82. എംപ്ലോയ്മെന്റ് ഇൻ കേബിൾ ടി.വി. നെറ്റ്വർക്സ്

83 എംപ്ലോയ്മെന്റ് ഇൻ മീഡിയാ സെക്ടർ

84. എംപ്ലോയ്മെന്റ് ഇൻ ടി.എം.ടി സ്റ്റീൽ ബാർസ്

സെക്ഷൻ ഓഫീസർ.